ഏപ്രിൽ 29, 2014

# പ്രചാരണ ഡയറി 29.04.2014

അരുൺ ജെയ്റ്റ്‌ലി,
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

ഏപ്രിൽ 30 ന് നടക്കുന്ന വോട്ടെടുപ്പിനോടനുബന്ധിച്ചുള്ള പ്രചാരണം ഇന്നലെ അവസാനിച്ചു; ഒപ്പം എന്റെ അമൃത്സർ പ്രചാരണവും. സ്ഥാനാർത്ഥി പ്രഖ്യാപനത്തിനും പ്രചാരണം അവസാനിച്ചതിനുമിടയ്ക്കുള്ള ഏഴ് ആഴ്ചകളിലൂടെ സഹനശക്തിയെ വെല്ലുവിളിക്കുന്ന തരത്തിലുള്ള നീണ്ട പ്രചാരണമായിരുന്നു നടത്തിയത്. അർപ്പണസ്വഭാവമുള്ള സഹായികളും നന്നായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പു സംവിധാനവും ഒപ്പം സ്ഥാനാർത്ഥിയുടെ നൈപുണ്യവും തിരഞ്ഞെടുപ്പു പ്രവർത്തനത്തിന് അത്യാവശ്യമാണ്. ഏഴ് ആഴ്ച വോട്ടർമാരുടെ മുന്നിൽ ഒരേ വിഷയം ആവർത്തിച്ച് അവതരിപ്പിക്കുന്നതിലൂടെ അവരുടെ താത്പര്യം ഇല്ലാതാക്കുകയും ശ്രദ്ധ നശിപ്പിക്കാനിടവരുത്തുകയും ചെയ്യും.

ആധുനിക സാങ്കേതികവിദ്യയുടെ ആവിർഭാവം പ്രചാരണരംഗത്ത് ഒരു മുതൽക്കൂട്ടാണ്. എന്റെ പ്രചാരണത്തിന്റെ അവിഭാജ്യഘടകം എന്നും പ്രഭാതത്തിൽ വരുന്ന എന്റെ ബ്ളോഗാണ്. അമൃത്സറിലെ ലക്ഷക്കണക്കിന് ആളുകളുമായി ബന്ധപ്പെടാൻ എനിക്ക് ഇതിലൂടെ സാധിച്ചു. ഫേസ്ബുക്കിലൂടെ ബന്ധപ്പെട്ടിരുന്നവരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ദിവസേന പത്തു മുതൽ പതിനഞ്ച് തിരഞ്ഞെടുപ്പു പരിപാടികളിൽ വരെ പങ്കെടുക്കാനും പ്രധാനപ്പെട്ട പൗരന്മാരുടെ ഭവനസന്ദർശനം വഴി നൂറോളം ആൾക്കാരുമായി ആശയവിനിമയം നടത്താനും എനിക്ക് കഴിഞ്ഞു. ഗ്രാമങ്ങളിൽ അകാലിദൾ സംഘടന വളരെ ശക്തവും അർപ്പണ മനോഭാവമുള്ളതുമായിരുന്നു.

എന്റെ പ്രചാരണത്തെ നേരിട്ട കോൺഗ്രസ് പാർട്ടിയുടെ ആശയദാരിദ്ര്യം വളരെ വ്യക്തമായിരുന്നു. അകാലിദളിനെ നേരിട്ട അതേ രീതിയിൽത്തന്നെയായിരുന്നു ക്യാപ്ടൻ എന്നെ നേരിട്ടത്; പരുക്കൻ രീതിയിലുള്ളതും മര്യാദയില്ലാത്തതും കെട്ടിച്ചമച്ച ആരോപണങ്ങളുമായി. നിർഭാഗ്യവശാൽ ഒരു വ്യത്യസ്ത തിരഞ്ഞെടുപ്പു പ്രചാരണശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. എന്റെ തിരഞ്ഞെടുപ്പു പ്രചാരണം ദേശീയതലത്തെയും അമൃത്സറിനെയും കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ പ്രചാരണത്തെ വിനയത്തോടെയും ദൃഢവിശ്വാസത്തോടെയുമാണ് നേരിട്ടത്. ക്യാപ്ടന്റെ പ്രചാരണതന്ത്രം എനിക്കെതിരെ യാതൊരു ചലനവും സൃഷ്ടിച്ചിട്ടില്ല.

പ്രചാരണം എങ്ങനെ രൂപീകരിക്കാം?

തിരഞ്ഞെടുപ്പു പ്രചാരണത്തിന്റെ അവസാനഘട്ടം അടുക്കുന്തോറും കോൺഗ്രസ് പാർട്ടിയുടെ തിരഞ്ഞെടുപ്പു പ്രചാരണം തികച്ചും അസംഘടിതമാവുകയാണ്. കോൺഗ്രസിന്റെ പ്രസംഗം തയ്യാറാക്കുന്നവർ പ്രധാന തിരഞ്ഞെടുപ്പു വിഷയമായി കരുതിയത് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രത്തിന്റെ ഗ്രാന്റുകൾ, ഭക്ഷ്യബിൽ, ലാൻഡ് ബിൽ എന്നിവയായിരുന്നു. ജനങ്ങളുടെ പ്രധാന കാഴ്ചപ്പാടുകൾ അവർ പാടേ മറന്നു. നാലു സംസ്ഥാനങ്ങളിലെ അസംബ്ളി തിരഞ്ഞെടുപ്പു ഫലം ഡിസംബറിൽ പ്രഖ്യാപിച്ചപ്പോൾ തന്നെ ജനങ്ങൾക്കറിയാമായിരുന്നു കോൺഗ്രസിന്റെ പുറത്താകൽ അടുത്തുകഴിഞ്ഞു എന്ന്. കോൺഗ്രസിന്റെ ദുർഭരണമാണ് ഇതിന്റെ പ്രധാന കാരണമെന്ന് ജനങ്ങൾക്ക് നന്നായറിയാം. ചിദംബരം, കപിൽ സിബൽ, തിവാരി, ജയറാം, ആനന്ദ്ശർമ്മ, ബെന്നി പ്രസാദ് എന്നിവരുടെ ക്രൂരവും മര്യാദയില്ലാത്തതുമായ സമീപനത്തിലൂടെ മോദിയുടെ പ്രതിച്ഛായ കളങ്കപ്പെടുത്താമെന്ന കോൺഗ്രസ് പാർട്ടിയുടെ വിശ്വാസം വെറും മിഥ്യ മാത്രമായി മാറി. അവരുടെ സമീപനം സ്വന്തം നാശത്തിനു തന്നെയാണ് വഴിയൊരുക്കിയത്. ഇവരിൽ മിക്കവരും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയ്യാറായില്ല. തന്നെയുമല്ല, മത്സരിക്കുന്നവർ തന്നെ മൂന്നാം സ്ഥാനത്തെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതും.

കോൺഗ്രസിന് കിട്ടിയ ദൈവത്തിന്റെ പ്രത്യേക സംഭാവനകളാണ് സിബലും ജയറാമും. അവർ

പ്രത്യേക തരത്തിലുള്ള പ്രചാരണമാണ് നടത്തിയത്. 'മിഠായികളുടെ പ്രചാരണം പോലെയായിരുന്നു ഇവരുടെ പ്രചാരണശൈലി. കെജ്‌രിവാളിനെ അനുകരിക്കാനാണ് രാഹുൽ ശ്രമിക്കുന്നത്. കഴിഞ്ഞ പത്തുവർഷമായി സി.ബി.ഐ.യെ ദുരുപയോഗപ്പെടുത്തുന്ന സിബൽ, ഇഷ്റത്ത് ജഹാൻ കേസിൽ തെളിവില്ലാത്ത മോദിയെ പ്രോസിക്യൂട്ട് ചെയ്യാത്തതിന് സി.ബി.ഐ.യെ കുറ്റപ്പെടുത്തി. മാധ്യമങ്ങൾക്കിടയിലെ പുതുമുഖമായ സൂരജ് വാല ജനങ്ങൾക്കിടയിൽ നിൽക്കുന്ന മോദിയുടെ ചിത്രം പ്രസിദ്ധീകരിച്ചതിലൂടെ ചതിപ്പണിയാണ് നടത്തിയത്. ഇതിലൂടെ കോൺഗ്രസ് തിരഞ്ഞെടുപ്പിൽ ജയിക്കുമെന്നായിരുന്നു ഇയാളുടെ വിശ്വാസം. ഇതെല്ലാം പരാജയപ്പെട്ടു കഴിഞ്ഞപ്പോൾ വീണ്ടും 'സ്നൂപ് ഗേറ്റി ന് പ്രചാരം നൽകി. തെറ്റുകൾ കൂടുന്തോറും അവയുടെ തീവ്രതയും വർദ്ധിക്കും. അതുകൊണ്ട് തെറ്റുകൾ ഒരിക്കലും വിജയിക്കുകയുമില്ല. പ്രശ്നങ്ങൾ സൃഷ്ടിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടുകയും ചെയ്യുന്ന വിപത്താണ് ഇന്ന് തിരഞ്ഞെടുപ്പു പ്രചാരണരംഗത്ത് കാണുന്നത്. സ്വന്തം തിരഞ്ഞെടുപ്പുതന്ത്രം കോൺഗ്രസിന് വിനയായി മാറുകയും ചെയ്തു.